ഉത്തരം

(എ) പൂട്ടിക്കിടക്കുന്ന തേയിലത്തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് 2-6-2004-ലെ സർക്കാർ ഉത്തരവ് നമ്പർ G.O. (Rt.) 542/2004/ID പ്രകാരം താഴെ പറയുന്ന സമാശ്വാസ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്:

1. പൂട്ടിക്കിടക്കുന്ന തേയിലത്തോട്ടങ്ങളുടെ അപേക്ഷകൾ പ്രത്യേകം പ്രത്യേകം പരിഗണിച്ച് അവ തുറന്നു പ്രവർത്തിക്കാൻ സന്നദ്ധമാണെങ്കിൽ പൂട്ടിക്കിടന്ന കാലയളവിലെ മിനിമം വൈദ്യുതി ചാർജ്ജ് ഒഴിവാക്കുന്നതാണ്.
2. വൈദ്യുതി ചാർജ്ജ് കുടിശ്ശികയ്ക്ക് ഉചിതമായ തവണ വ്യവസ്ഥ നൽകുന്നതാണ്.

(ബി) 2-6-2001-ലെ സർക്കാർ ഉത്തരവ് നമ്പർ G.O. (Rt.) 542/2004/ID-യുടെ പകർപ്പും 20-11-2004-ലെ ബോർഡ് ഉത്തരവ് നമ്പർ B.O. (FB.) No. 2916/2004 (HTB.19/93.36)-ന്റെ പകർപ്പും യഥാക്രമം അനുബന്ധം I, II എന്നിവയായി ചേർത്തിരിക്കുന്നു.†

വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ നടപടി

49 [349] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ ഡിവിഷന്റെ പരിധിയിൽ വരുന്ന അഞ്ചലിലും പരിസര പ്രദേശങ്ങളിലും വോൾട്ടേജ് ക്ഷാമം രൂക്ഷമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) അഞ്ചൽ 66 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും;

(സി) ഇതിനാവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണ്; ഇത് ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ), (ബി) & (സി) ഉണ്ട്. അഞ്ചലിലും പരിസര പ്രദേശങ്ങളിലും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും, പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിനുമായി അഞ്ചലിൽ ഒരു 66 കെ. വി. സബ് സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ സ്ഥലം നെഗോഷ്യേറ്റഡ് പർച്ചേസ് വ്യവസ്ഥയിൽ വാങ്ങുന്നതിന് 23-11-2005-ൽ അനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലം ഏറ്റെടുത്താലുടൻ നിർമ്മാണ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(350)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly